**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5817** **02.07.2019-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാനത്തു നിന്നും വരുന്ന തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര തൊഴിലാളികളാണ് കണക്ക് പ്രകാരം കേരളത്തിൽ ഉള്ളത്; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷയും രജിസ്ട്രേഷനും ലക്ഷ്യമിട്ട് "ആവാസ്" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. "ആവാസ്" പദ്ധതിയിൻ കീഴിൽ ഇതുവരെ 3,87,352 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതര സംസ്ഥാനത്തു നിന്നും എത്തുന്നവർക്ക് എന്തെങ്കിലും പകർച്ചവ്യാധിയുണ്ടോ എന്ന് പരിശോധന നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും രോഗങ്ങൾ ഇവിടെ പടരാതിരിക്കാൻ പരിശോധനകൾ നടത്തുമോ; | (ബി) ഇതര സംസ്ഥാനത്തു നിന്നും എത്തുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണാർത്ഥവും പകർച്ചവ്യാധികൾ തടയുന്നതിലേയ്ക്കുമായി മെഡിക്കൽ ക്യാമ്പുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുകയും ലേബർ ക്യാമ്പുകളിലും ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിലും, താമസസ്ഥലങ്ങളിലും ഇൻസ്പെക്ടർമാർ മുഖേന പരിശോധനകൾ നടത്താറുമുണ്ട്. |
| (സി) ഇവർക്ക് ശുചിത്വമുള്ളതും ആരോഗ്യകരവുമായ താമസസ്ഥലങ്ങൾ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന ഭവനപദ്ധതിയാണ് "അപ്നാഘർ". ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃകാ പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചു. എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ.